LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിക് പോസ്റ്റുകളോ സ്റ്റേ വയറുകളോ മാറ്റി സ്ഥാപിക്കുവാൻ ഉപഭോക്താക്കൾ അപേക്ഷിച്ചാൽ, എത്ര അകലത്തേയ്ക്കാണ് മാറ്റി സ്ഥാപിക്കേണ്ടതെന്നതനുസരിച്ച് പ്രാഥമിക പരിശോധനയുടെ അടിസ്ഥാ നത്തിൽ, പ്രസ്തുത പ്രവൃത്തിക്കാവശ്യമായിവരുന്ന അധിക സാധന സാമഗ്രികളുടെയും പ്രവൃത്തിയുടെയും അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച കോസ്റ്റ് ഡേറ്റ നിരക്കുകൾക്കനുസൃതമായി സൂപ്പർവിഷൻ ചാർജ്ജ്, GST എന്നിവകൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയാണ് ചെയ്തുവരുന്നത്. നിലവിലെ കോസ്റ്റ് ഡാറ്റ നിരക്കുകൾ കമ്മീഷൻ പുറപ്പെടുവിച്ച 28-4-2018-ലെ O.A.No.17 of 2017 പ്രകാരമാണ്. ഉപഭോക്താക്കൾ തുക അടയ്ക്കുന്ന മുറയ്ക്ക്, ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ മുൻഗണനാക്രമം അനുസരിച്ച് സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ വൈദ്യുതി വിതരണം

176(5335) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വൈദ്യുതി വിതരണത്തിൽ നിരന്തരം തടസ്സമുണ്ടാകുന്നത് (പ്രത്യേകിച്ച് മഴക്കാലത്ത്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൈദ്യുതി ഉപകരണങ്ങൾ, മറ്റു അനുബന്ധ സാധന സാമഗ്രികൾ എന്നിവയുടെ കാര്യത്തിൽ ജില്ലയിലെ വിവിധ സെക്ഷൻ ഓഫീസുകൾ സ്വയം പര്യാപ്തമാണോ; അല്ലെങ്കിൽ എന്തിന്റെയെല്ലാം കുറവാണുള്ളതെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ?

അല്ല. നിലവിൽ ജില്ലയിലെ സെക്ഷനാഫീസുകളുടെ കീഴിൽ 9 മീറ്റർ പോസ്റ്റ്, 8 മീറ്റർ പോസ്റ്റ്, എ പോൾ എന്നിവയുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്.

(സി) വിവിധ സെക്ഷൻ ഓഫീസുകൾ ജീവനക്കാരുടെ കാര്യത്തിൽ സ്വയം പര്യാപ്തമാണോ; വിവിധ സെക്ഷൻ ഓഫീസുകളിൽ എത്ര തസ്തികകൾ ഉണ്ടെന്നും അവയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതാണെന്നും, അവ എന്നത്തേയ്ക്ക് നികത്താനാകുമെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

അല്ല. ഓരോ സെക്ഷനാഫീസിന്റെ കീഴിലും ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെയും 3 സബ് എഞ്ചിനീയറുടെയും 6 ഓവർസിയറുടെയും 12 ലൈൻമാൻമാരുടെയും 6 ഇലക്ട്രിസിറ്റി വർക്കറുടെയും ഒരു സീനിയർ സൂപ്രണ്ടിന്റെയും 1 സീനിയർ അസിസ്റ്റന്റിന്റെയും 1 കാഷ്യറുടെയും തസ്തികകളാണുള്ളത്. ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണമടങ്ങുന്ന വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) പുതിയ കണക്ഷനുവേണ്ടി എത്ര അപേക്ഷകൾ ഓരോ സെക്ഷനുകളിലും ലഭ്യമായിട്ടുണ്ടെന്നറിയിക്കുമോ; ഇവയിൽ കണക്ഷൻ നൽകാനാവാതെ എത്ര കാലമായി പ്രസ്തുത അപേക്ഷകൾ കെട്ടികിടക്കുന്നുണ്ടെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ?

പുതിയ കണക്ഷനുമായി ബന്ധപ്പെട്ട് ജൂലൈ മാസത്തിൽ ലഭിച്ച അപേക്ഷകളുടെ സെക്ഷൻതലത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. മേൽ അപേക്ഷകളൊന്നും കെട്ടിക്കിടക്കുന്നില്ല. എന്നാൽ മറ്റൊരു പുരയിടത്തിലൂടെ ലൈൻ വലിക്കുവാൻ അനുവാദം ലഭിക്കാത്തതുമൂലം കണക്ഷൻ നൽകുവാനായി ADM-ന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ വിവരം സെക്ഷൻ തിരിച്ച് ചുവടെ ചേർക്കുന്നു.* ഇതുകൂടാതെ ഭീമനടി സെക്ഷനാഫീസിന്റെ കീഴിൽ ഫോറസ്റ്റ് ക്ലിയറൻസ് ലഭിക്കാത്തതുമൂലം ഒരു അപേക്ഷയ്ക്കും നിലവിൽ കണക്ഷൻ നൽകുവാൻ സാധിച്ചിട്ടില്ല.

(ഇ) കാസർഗോഡ് ജില്ലയിൽ അണ്ടർഗ്രൗണ്ട് കേബിൾ വഴി ഏതെല്ലാം ഭാഗങ്ങളിലേയ്ക്ക് വൈദ്യുതി വിതരണം ചെയ്യുന്നുണ്ടെന്ന് സെക്ഷൻ തിരിച്ച് അറിയിക്കാമോ?

കാസർഗോഡ് ടൗണിൽ ഭാഗികമായും അനന്തപുരം ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും, സിവിൽ സ്റ്റേഷൻ കോംപ്ലക്സിലും, കുറ്റിക്കോൽ സെക്ഷന്റെ പരിധിയിലും, കാഞ്ഞങ്ങാട് ടൗണിൽ ഭാഗികമായും, പടന്നക്കാട്ടും, അമ്പലത്തറയിലും ഭാഗികമായി അണ്ടർഗ്രൗണ്ട് കേബിൾവഴി വൈദ്യുതി വിതരണം ചെയ്യുന്നു.

ക്യാപ്റ്റീവ് അടിസ്ഥാനത്തിൽ വൈദ്യുത നിലയങ്ങൾ

177(5336) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യാവസായിക സംരംഭങ്ങൾക്ക് ക്യാപ്റ്റീവ് അടിസ്ഥാനത്തിൽ വൈദ്യുത നിലയങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.